# കടമ്പിൻപൂക്കൾ

*വസന്താരംഭത്തിലെ രാത്രി, വൃന്ദാവനം ചന്ദ്രികാചർച്ചിതമായിരിക്കുന്നു. ഓടക്കുഴലൂതി സഞ്ചരിക്കുന്ന ശ്രീകൃഷ്ണൻ ഗോപികമാരെ വിളിക്കുകയാണ്.*

മുല്ലപൂത്തു, കാട്ടിലെല്ലാ
മുല്ലകളും പൂത്തുവല്ലോ,
വല്ലവിമാരേ, പോരൂ,
വല്ലവിമാരേ. (മുല്ല)

അല്ലു വന്നു, വാനിൽ നിന്നു
നല്ല പൂനിലാവുതിർന്നു,
ഗോപികമാരേ, പോരൂ,
ഗോപികമാരേ! (മുല്ല)

കളരുചിയാം യമുനയിലെ
കുളിരുവീശും കാറ്റുണർന്നു,
സുന്ദരിമാരേ, പോരൂ,
സുന്ദരിമാരേ! (മുല്ല)

**2**

*ശ്രീകൃഷ്ണന്റെ വിളി കേട്ടു പശ്ചാത്തപിക്കുന്ന ഗോപികമാർ കർത്തവ്യങ്ങളെ ഉപേക്ഷിച്ചു കാട്ടിലേക്കു പുറപ്പെടുന്നു.*

ഇതിലും വലിയൊരു കുറവുണ്ടോ?– നാം
മധുമാസം വന്നതറിഞ്ഞില്ല!
പാലും മോരും വിറ്റു നടന്നു,
കാലം പോയതറിഞ്ഞില്ല! (ഇതി)

നന്ദഗൃഹത്തിൻ പടിക്കൽനിന്നോ,
വൃന്ദാവനാന്തരംഗത്തിൽ നിന്നോ,
ഗോവർദ്ധനത്തിൻ നിറുകയിൽനിന്നോ,
ഗോപാലൻ നമ്മെ വിളിക്കുന്നു? (ഇതി)

മോറിക്കമിഴ്ത്താത്ത പാൽക്കലമെല്ലാം
മോറാതെതന്നെ കിടന്നോട്ടെ!
തേച്ചുകഴുകാത്ത കടകോലെല്ലാം
തേയ്ക്കാതെതന്നെ കിടന്നോട്ടെ. (ഇതി)

**3**

*എല്ലായിടത്തും വേണുനാദമുണ്ട്. എന്നാൽ ശ്രീകൃഷ്ണനെ ഒരിടത്തും കാണുന്നില്ല! അതിനാൽ നടന്നലഞ്ഞു ഭഗ്നാശകളായ ഗോപികമാർ ഒരാൽത്തറയിൽ കയറിയിരുന്നു വിളിച്ചു പറയുന്നു.*

നന്ദഗൃഹത്തിലും തിരഞ്ഞു ഞങ്ങൾ,
വൃന്ദാവനത്തിലും തിരഞ്ഞു ഞങ്ങൾ,
ഗോവർദ്ധനാദ്രിയിലും കാളിന്ദിക്കരയിലും
ഗോപാലാ, നിന്നെത്തേടിയലഞ്ഞു ഞങ്ങൾ. (നന്ദ)

മുല്ലപ്പൂ നടന്നലഞ്ഞറുത്തു ഞങ്ങൾ,
മുല്ലപ്പൂ മാലയാക്കിക്കൊരുത്തു ഞങ്ങൾ,
മുല്ലപ്പൂമാല നിന്നിൽച്ചാർത്തുവാൻ കഴിയാഞ്ഞി–
ട്ടല്ലലാർന്നാൽത്തറയിലിരിപ്പൂ ഞങ്ങൾ. (നന്ദ)

എങ്ങൊളിച്ചിരിപ്പൂ നീ രമ്യരൂപൻ?

എങ്ങെങ്ങും കേൾപ്പൂ നിന്റെ വേണുനാദം
വന്നെത്തി വസന്തമെന്നോർക്കാഞ്ഞ തെറ്റിനേവം
ഇന്നിയും ഞങ്ങളെ നീ വലയ്ക്കരുതേ! (നന്ദ)

**4**

*മറ്റൊരവസരം ഗോപന്മാർ ശ്രീകൃഷ്ണന്നു ചുറ്റും നിന്നു നൃത്തംവെച്ചു പറയുന്നു.*

ഗോവർദ്ധനഗിരി കുടയാക്കീടിന
ഗോവിന്ദാ, ഗോവിന്ദാ,
ഗോകുലതുല്യം കാക്കൂ ഞങ്ങളെ
ഗോവിന്ദാ, ഗോവിന്ദാ! (ഗോവ)

അങ്ങയിൽനിന്നു പിറന്നവരാമീ
ഞങ്ങൾക്കില്ലാ ഗതി വേറെ.
അങ്ങൊരു കണ്ണിൻകടയാലെന്നും
ഞങ്ങളെ മെല്ലെയുഴിഞ്ഞാവൂ. (ഗോവ)

നീലത്താമരപോൽ നിൻകടമിഴി
നീളെ വിരിപ്പൂ തണലെങ്കിൽ
അഴലെന്നില്ലാ, ഭയമെന്നില്ലാ,
അഖിലം പാരിലൊരാനന്ദം. (ഗോവ)

**5**

*ശ്രീകൃഷ്ണന്റെ തായാട്ടങ്ങൾമൂലം പൊറുതിമുട്ടിയ ഒരു ഗോപമാതാവു വഴിപോക്കരോടന്വേഷിക്കുകയാണ്.*

കണ്ണനെക്കണ്ടുവോ, പയ്ക്കളെ മേയ്ക്കുന്ന
കണ്ണനെക്കണ്ടുവോ നിങ്ങൾ?
വെണ്ണയും പാലും കവർന്നുണ്ടു മണ്ടുന്ന
കണ്ണനെക്കണ്ടുവോ നിങ്ങൾ (കണ്ണ)

ഉറിയിലിരിക്കുന്ന പാലു മുഴുവനും
വെറുതെപ്പോയെന്നതു പോട്ടെ;
കടകോലുകൊണ്ടവൻ കുത്തിയിട്ടെന്റെ മൺ–
കലവും തകർന്നുപോയല്ലോ. (കണ്ണ)

അരുതെന്നു ചൊല്ലി ഞാനായിരം പ്രാവശ്യം;
അവനൊരു കൂട്ടവുമില്ല.
വടിയോങ്ങിച്ചെന്നാലോ, ചിരിതൂകും ചങ്ങാതി,
വരുമപ്പോൾച്ചിരിയീ നമുക്കും. (കണ്ണ)

**6**

*ഗോപമാതാക്കൾ കൂട്ടത്തോടെ നന്ദഗൃഹത്തിൽ ചെന്നു യശോദയോടു സങ്കടം പറയുന്നു.*

കാടുകാട്ടുന്ന കണ്ണനെക്കൊണ്ടു
കഷ്ടത്തിലായീ ഗോകുലം.
കേട്ടതില്ലയോ ഇന്നലെയവൻ
കാട്ടിയ കൊടുംചെയ്തികൾ? (കാടു)

ആറ്റിലെത്തിയ ഗോപനാരിമാർ
നീറ്റിലാണ്ടൊരു വേളയിൽ
ആടകൾ വാരിയോടിനാനവൻ,
ആലിന്റെ കൊമ്പത്തേറിനാൻ. (കാടു)

നാണം കൈവിട്ടിരുകരത്താലും
നാരിമാർ കൂപ്പുവോളവും

ആടകൾ തിരിച്ചേകിയില്ലപോ–
ലോടപ്പുല്ലൂതും ഗോവിന്ദൻ. (കാടു)

**7**

*ശ്രീകൃഷ്ണനെ സ്വപ്നംകണ്ടു ഞെട്ടിയുണർന്ന രാധ പാതിരയ്ക്കെഴുന്നേറ്റു പാതവക്കത്തു വന്നുനിന്ന് ആലോചിച്ചു നോക്കുന്നു.*

കളകളമോഹനമോടക്കുഴലിൻ–
വിളിയോ കേട്ടതുറക്കത്തിൽ?
അളിവർണ്ണാ, നിന്നോടക്കുഴലിൻ–
വിളിയോ കേട്ടതുറക്കത്തിൽ? (കള)

ഞെട്ടിയുണർന്നു ഞാ,നൊരു ഞൊടിയാൽ
പൊട്ടിവിടർന്നു മിഴി രണ്ടും.
മുറ്റിവളർന്നു കുതുകം നിന്നുടെ
പറ്റലർചേവടി ചുംബിപ്പാൻ. (കള)

വാതിൽ തുറന്നു, പാതയിലെത്തീ,
പാതയിലൊരുവനുമില്ലല്ലോ.
പാതിരയെന്നെ തിമിരഭരത്താൽ
കാതരയാക്കിത്തീർക്കുന്നു. (കള)

**8**

*പാതയിൽ ശ്രീകൃഷ്ണനെ കാണുന്നില്ല, ഓടക്കുഴലൊച്ച കേൾക്കുന്നുമില്ല. അതിനാൽ ദുഃഖിതയായ രാധ പ്രാർത്ഥിക്കുകയാണ്.*

കോലക്കുഴലൊന്നൂതൂ കണ്ണാ,
നീലക്കാറൊളിവർണ്ണാ,
കരളിൽ കെട്ടിയ വള്ളിക്കുടിലിൽ
കാത്തിരിക്കും കണ്ണാ! (കോല)

പീലിത്തിരിമുടി കൂർന്നും
പാലാം പുഞ്ചിരിയൂർന്നും
പീതാംബരഞെറി കാറ്റത്താടി
ചേതോഹരമായ് നീർന്നും (കോല)
ആ മൃദുമോഹനനാദം,
അമൃതാനന്ദോന്മാദം,
അതുവർഷിച്ചൂ കെടുത്താലും നീ
അനന്തമാമെൻഖേദം. (കോല)

**9**

*പ്രാർത്ഥിച്ചിട്ടും ശ്രീകൃഷ്ണൻ പ്രത്യക്ഷനായില്ല. അപ്പോൾ രാധ വീണ്ടും ചിന്തിക്കുന്നു.*

കടമ്പു പൂചൂടിക്കഴിഞ്ഞതറിവീലേ
കണ്ണനളിനേർവർണ്ണൻ?–താമര–
ക്കണ്ണനളിനേർവർണ്ണൻ? (കട)

വസന്തമായ്: വൃന്ദാവനാന്തചന്ദ്രികയി–
ന്നനന്തസൗഭാഗ്യം!
വരൂ വരൂ, വേഗം വരായ്കിൽ വനമാലീ,
കരഞ്ഞുപോകും ഞാൻ! (കട)

ഉയർന്നുകേൾക്കാവൂ ഞൊടിക്കകം വിശ്വം
മയക്കുമാഗ്ഗീതം –

കരത്തിലെപ്പുല്ലിൽ ഭവാനുണർത്തീടും
ചരാചരപ്രേമം. (കട)

**10**

*ക്രമേണ അകലയെങ്ങോ ഓടക്കുഴലിന്റെ ശബ്ദം കേൾക്കുന്നതായി രാധയ്ക്കു തോന്നുന്നു. അപ്പോഴേക്കും രാധയെ അന്വേഷിച്ചു തോഴി അരികെ എത്തി. അവളോടു രാധ പറയുകയാണ്.*

കൂഹൂ......കൂഹൂ.......
ഓഹോ തോഴീ, കാട്ടിലിരുട്ടിൽ
കൂഹൂനാദം കേൾപ്പൂ..... കുഴലിൻ–
കൂഹൂനാദം കേൾപ്പൂ. (കൂഹൂ)

കണ്ണിമച്ചു ചിരിക്കും രസികൻ
കണ്ണനെന്നെ വിളിക്കുന്നു.
കാതിനമൃതാം ശാരീരത്തിൽ
കളിവാക്കെന്നൊടുരയ്ക്കുന്നു. (കൂഹൂ)
പോരികെന്നോടൊപ്പം തോഴീ,
പോക വേഗാലുടജത്തിൽ
കൈത്തിരി കെട്ടാൽ കെട്ടോട്ടേ, ഹൃദി
നെയ്ത്തിരി കത്തുന്നുണ്ടല്ലോ. (കൂഹൂ)

**11**

*തോഴിയോടുകൂടി വൃന്ദാവനത്തിലെത്തി ലതാനികുഞ്ജത്തിൽ കാത്തിരിക്കുകയാണ് രാധ. പക്ഷേ ശ്രീകൃഷ്ണൻ വന്നിട്ടില്ല. നിലാവുദിച്ചും കഴിഞ്ഞു. ആശങ്കാകുലയായിത്തീർന്ന രാധ സഖിയോടു പറയുന്നു.*

നിറഞ്ഞുനിൽക്കും യമുനാനദിയിൽ
നിലാവു വീണു പരന്നല്ലോ.
പൊന്നോടക്കുഴലൂതി നടക്കും
കണ്ണൻമാത്രം വന്നീലാ, സഖി,
കണ്ണൻമാത്രം വന്നീലാ. (നിറ)

ഗോപീഹൃദയവിഹാരിക്കെന്നൊടു
കോപം തോന്നാൻ വഴിയുണ്ടോ?
ഒരിക്കലും ഞാനവനോടൊന്നും
മറുത്തു ചൊല്ലീട്ടില്ലല്ലോ, സഖി,
മറുത്തു ചൊല്ലീട്ടില്ലല്ലോ. (നിറ)

പൂക്കൾ വിരിച്ചീ വള്ളിക്കുടിലിൽ
പോക്കീ സമയം വെറുതേ ഞാൻ.
പൂക്കളൊടൊപ്പം സുരഭിലമെൻകരൾ
നോക്കൂ, വാടിക്കരിയുന്നു, സഖി,
നോക്കൂ, വാടിക്കരിയുന്നു. (നിറ)

**12**

*ശ്രീകൃഷ്ണന്റെ വിപ്രവാസത്താൽ പൊറുതികെട്ട രാധ ഒടുവിൽ ദുഃഖാർത്തയായി വിളിച്ചുപറയുന്നു.*

വായോ വായോ കണ്ണാ,
കായാമ്പൂവൊളിവർണ്ണാ,
നിന്നെക്കാണാൻ വെമ്പി
കണ്ണുപുളിച്ചു തമ്പി! (വായോ)
കോലക്കുഴലിൻ ഗീതം,
കാലിക്കുടമണിനാദം,
ഓർത്തു വലഞ്ഞൂ ബോധം,
ചീർത്തുകഴിഞ്ഞൂ സാദം. (വായോ)

ഓരോ മാത്രയുമെണ്ണി
പെരുകും നോവാലുണ്ണീ,
ദ്രുതമെൻ ഹൃദയസ്പന്ദം,
ഗതമിന്നഖിലാനന്ദം. (വായോ)

13

*അങ്ങനെയിരിക്കുമ്പോൾ അകലെ പുല്ലാങ്കുഴൽവിളി മുഴങ്ങുന്നു. പൊടുന്നനെ രാധ വികാരതരളിതയായി മാറുന്നു. അവൾ ചിന്തിക്കുകയാണ്.*

കല്ലിൻകരളലിയിയ്ക്കും....കുളിർ–
പ്പുല്ലാങ്കുഴൽ വിളി കേൾപ്പു.
കണ്ണൻ വരുന്നുവോ, കണ്ണൻ വരുന്നുവോ,
കണ്ണീർ തുടയ്ക്കുവാനായി – എന്റെ
കണ്ണീർ തുടയ്ക്കുവാനായി? (കല്ലിൻ)

ആ മധുരസ്വരം കേൾക്കേ....സ്വയം
മാമകചിത്തം വിടർന്നു;
ചൊല്ലാനുറച്ച പരിഭവവാക്കുക–
ളെല്ലാം ഞൊടിയിൽ മറന്നു. (കല്ലിൻ)

ചെന്താരിതളുകൾപോലെ.....ഉള്ള
തൻതിരുപാണികളാലേ
മോഹനനദ്ദേഹം കണ്ണീർ തുടക്കേ ഞാൻ
മോഹിതയാവുകയില്ലേ? (കല്ലിൻ)

14

*ഓടക്കുഴലിന്റെ ശബ്ദം ഏറിയേറിവരുന്നു. ഓടക്കുഴലിലൂടെ ശ്രീകൃഷ്ണൻ തന്നോടു സംസാരിക്കുന്നുണ്ടെന്നു രാധയ്ക്കു തോന്നുന്നു. എന്താണ് സംസാരിക്കുന്നതെന്നുകൂടി അറിയാം; പക്ഷേ എവിടെനിന്നാണെന്നറിയില്ല. രാധ സഖിയോടു പറയുന്നു.*

എന്നെ വിളിപ്പൂ പുല്ലാങ്കുഴലാ–
ലെന്നെ വിളിപ്പൂ കാർവർണ്ണൻ.
എവിടുന്നെവിടുന്നെന്നെ വിളിപ്പൂ
എന്നറിവീലല്ലോ! (എന്നെ)
ഓടക്കുഴലിൽ വിളിച്ചാലെന്ത,തി–
ലോരോ വാക്കും വ്യക്തം.
''ഓമനേ, വരികോമനേ,''അതി–
ലോരോ വാക്കും സുവ്യക്തം. (എന്നെ)

കാളിന്ദിപ്പുഴവക്കിൽ നിന്നോ,
കടമ്പുവൃക്ഷക്കൊമ്പിൽനിന്നോ,
പൂമരക്കാട്ടിലെ വള്ളിക്കുടിലിലെ
പൂഴിമെത്തയിൽനിന്നോ? (എന്നെ)

15

*അങ്ങനെ അസ്വസ്ഥയായി നിവസിക്കുന്നതിനിടയിൽ രാധ സഖിയോട് ഒരു സംഭവം പറയുകയാണ –ٰ പോയ രാത്രിയിലുണ്ടായ നിത്യമധുരമായ ഒരനുഭവം.*

ഇന്നലെ രാവിൽ കണ്ണൻ
വന്നെന്നരികിലിരുന്നു;
അരികിലിരുന്നിട്ടവനെൻ നേരെയൊ–
രരുമപ്പുഞ്ചിരി തൂകി (ഇന്ന)

അവനുടെ പവിഴച്ചുണ്ടെൻ
കവിളിൽത്തട്ടും മുമ്പേ
പീലിക്കണ്ണുകളയ്യാ, താണെൻ

പിരിയത്തോളം വന്നു. (ഇന്ന)

അവനുടെ പവിഴച്ചുണ്ടെൻ
കവിളത്തുരസും നേരം
എന്നുടെ കണ്ണു നിറഞ്ഞൂ, പീലി–
ക്കണ്ണു നനഞ്ഞും പോയി. (ഇന്ന)

16

*അതെല്ലാം പഴങ്കഥ ഇന്നു ശ്രീകൃഷ്ണനും രാധയുമെല്ലാം മധുരസ്മരണ മാത്രം. എത്ര സചേതനമായ സ്മരണ! അമ്മമാർ കുട്ടികളോടു പറയുന്നു.*

ആയർകുലത്തിലൊരുണ്ണി വിളങ്ങി,
മായാവിയാമവൻ മണ്ണു വിഴുങ്ങി,
മണ്ണു വിഴുങ്ങൊല്ല, തുപ്പുക, തുപ്പുകെ–
ന്നുണ്ണിതന്നമ്മയിരന്നു, അപ്പോ–
ളുണ്ണിക്കവിളിൽച്ചിരി പരന്നു. (ആയർ)

ഗോപിമാരോടിക്കിതച്ചു വന്നൂ,
ഗോപരും വന്നു കണ്ടമ്പരന്നു,
വാശിക്കുടുക്കയാമുണ്ണിതൻ സാഹസം
പേശിപ്പകച്ചവർ നിന്നൂ, ചാരെ
പേടിച്ചരണ്ടുകൊണ്ടമ്മ നിന്നു. (ആയർ)

പെട്ടെന്നവൻ മണിവായ് തുറന്നു,
വിഷ്ടപം വായിൽ വിടർന്നുവന്നു,
കാണികൾ മണ്ണിലിരുന്നുപോ,യുണ്ണിതൻ
കാലടി കെട്ടിപ്പിടിച്ചു; ഹർഷ–
ക്കണ്ണീരിലമ്മയും കണ്ണടച്ചു. (ആയർ)

17

*അമ്മമാരുടെ സ്മരണ വീണ്ടും വിടരുന്നു.*

ഗോപന്മാരൊത്തു കളിച്ചു കണ്ണൻ,
ഗോപിമാരെക്കളിപ്പിച്ചു കണ്ണൻ,
മാലോകർക്കൊക്കെയും മുക്തികൊടുക്കുവാൻ
മഥുരയിൽച്ചെന്നു ജനിച്ച കണ്ണൻ. (ഗോപ)

പീലിക്കണ്ണു കുലുങ്ങും വണ്ണം,
കാലിൽച്ചിലങ്ക കിലുങ്ങും വണ്ണം,
കണ്ണൻ ചാലെയെഴുന്നള്ളുമ്പോൾ
കാളിന്ദീനദി താളമടിച്ചു. (ഗോപ)

പുല്ക്കുഴലൂതി പുഞ്ചിരി തൂകി
പയ്ക്കിടാവിൻ വളർതാട തഴുകി
കണ്ണൻ ചാലെയെഴുന്നള്ളുമ്പോൾ
കമ്രവൃന്ദാവനം നർത്തനമാടീ. (ഗോപ)

18

*ആ സ്മരണയുടെ തന്നെ മറ്റൊരു ശകലം.*

നീലാകാശം തിങ്ങി
കോലക്കുഴലൊലി പൊങ്ങി. (നീലാ)

കാളിന്ദീ നദി വഴിയും കാലം
കടമ്പു പൂക്കും കാലം. (നീലാ)

പയ്ക്കളൊടൊപ്പം കുഞ്ഞികൃഷ്ണൻ

പാതയിലൂടെ പോകേ. (നീലാ)

ഓടിച്ചെല്ലും ഗോപന്മാരൊ–
ത്താടിപ്പാടി രമിക്കേ. (നീലാ)

19

*ഇങ്ങനെയുള്ള സ്മരണകളാൽ സമ്പന്നമായ ഒരാധുനികഹൃദയം ആഗ്രഹിച്ചുപോവുന്നു.*
കാളിന്ദീവക്കിലെ കാറൊളികായനെ
കാണാൻ കണ്ണു പുളിക്കുന്നു.
വൃന്ദാവനത്തിലെസ്സുന്ദരാകാരനെ
ചിന്തിച്ചുള്ളു പതയ്ക്കുന്നു. (കാളി)

നേരം കറുക്കവേ നേരം വെളുക്കവേ
പാരിടം കുങ്കമമാടുമ്പോൾ
കാലിക്കുടമണിനാദങ്ങൾ വന്നെന്റെ
കാതിൽക്കിടന്നു കിലുങ്ങുമ്പോൾ (കാളി)

ഉച്ചയ്ക്കിടയന്മാർ പച്ചത്തണൽകളിൽ
ഉച്ചത്തിലാർത്തു ചിരിക്കുമ്പോൾ
നീലച്ച രാത്രിയിൽ കുന്നിന്നിറമ്പയിൽ
കോലക്കുഴൽവിളി പൊങ്ങുമ്പോൾ. (കാളി)

20

*ആ ആഗ്രഹം വളർന്നുവളർന്ന് ആധുനികഹൃദയം ശ്രീകൃഷ്ണനെ സ്വപ്നം കാണുകയാണ്. കണ്ടതോ? അമ്പാടിയിലെ കൃഷ്ണനെയല്ല. പിന്നെ?*
അല്ലിലുറങ്ങിടും നേരം.......ഒരു
നല്ല കിനാവു ഞാൻ കണ്ടേൻ
ആലിലക്കണ്ണനെ കണ്ടേൻ...പര–
മാനന്ദനിർവൃതി പൂണ്ടേൻ. (അല്ലി)

കൂരിരുളിന്റെ കയത്തിൽ...... സ്തബ്ധ–
കാരണവാരിതൻ മീതേ
പേരാലിലയിലമർന്നാൻ.......തിരു–
മാറിൽ മറുകോടുകൂടി. (അല്ലി)

കുങ്കുമപ്പൂപോൽ ചുവന്ന.....കാലിൻ–
കുഞ്ഞിപ്പെരുവിരലുണ്ടും
കൂവളക്കണ്കളടച്ചും......മേവി
പാവനകാന്തി പൊഴിച്ചും. (അല്ലി)

21

*ശ്രീകൃഷ്ണചിന്തയിൽ മുഴുകിയ ആ ആത്മാവ് അമ്പാടിയിലേക്ക് ഒരന്വേഷണയാത്ര നടത്തുകയാണ് – ഇന്നത്തെ അമ്പാടിയിലേക്ക്.*
ഗോവിനെ മേയ്ക്കും ഗോവിന്ദൻ
മേവും കാനനമിതുതാനോ?
അവനെ കാണാൻ ആശിച്ചാശി–
ച്ചകലേനിന്നു വരുന്നൂ ഞാൻ. (ഗോവി)

കാടും മലയും കേറിമറിഞ്ഞൂ,
കാലടിയിങ്കൽ ചോര പൊടിഞ്ഞൂ,
അടിമുടിവേർപ്പു കിനിഞ്ഞു പൊഴിഞ്ഞൂ,
അകതാരുച്ചം കേണു പൊരിഞ്ഞു. (ഗോവി)

ഒരു ചെറുതുള്ളിക്കണ്ണീരുണ്ട,തു

കരുണാവാരിധിതൻ തിരുമുമ്പിൽ
അടിയറവെയ്ക്കാൻ വന്നേൻ, നിങ്ങളി–
ലാരാനവനെ കണ്ടായോ? (ഗോവി)

22

*അവസാനം ആ ആത്മാവു ഭക്തിയുടെ പരമകാഷ്ഠയിൽവെച്ചു ശ്രീകൃഷ്ണനെ കാണുന്നു. കണ്ടിട്ടു പറയുന്നു.*

കാരുണ്യവാരിധേ, താവകവേണുവിൻ
വാരുറ്റ നാദതരംഗത്തിൽ
മുങ്ങുവാൻ, മുങ്ങി മുഴുകിക്കിടക്കുവാൻ,
മുങ്ങി മരിക്കുവാൻ തോന്നുന്നു. (കാരു)

ഒട്ടിപ്പിടിക്കുന്നു, കട്ടച്ചുനിൽക്കുന്നു,
കഷ്ടമെൻജീവശരീരത്തിൽ
ജീവിതാധ്വാവിൽ ചളിക്കെട്ടിനിൽക്കുന്ന
കേവലാഹന്തതൻ പാപങ്ങൾ. (കാരു)

സഞ്ചരിപ്പീലല്ലോ വായുവീപ്പാപത്തിൻ
കഞ്ചുകത്തിന്നകത്തെപ്പോഴും.
ചാരംകണക്കെ വിളർത്തൊരെൻ മെയ്യിൽനി–
ന്നൂറുന്നു രക്തം, നീറുന്നു. (കാരു)

23

*അങ്ങനെ ശ്രീകൃഷ്ണസാക്ഷാൽക്കാരം നേടി മടങ്ങിവരുന്ന ആ ആൾ താൻ കണ്ടത് എങ്ങനെയുള്ള ശ്രീകൃഷ്ണനെയാണെന്ന കഥ നമ്മോടു പറയുകയാണ്.*

കുന്നിക്കുരുക്കൾ പെറുക്കും കണ്ണനെ
ചെന്നു ഞാൻ തൊട്ടൂ, തൊട്ടീലാ;
കണ്ണന്റെ പീലിത്തിരുമുടിത്തുമ്പിലെൻ
കൈപ്പടം മുട്ടീ, മുട്ടീലാ. (കുന്നി)

പെട്ടെന്നൊന്നു ചിരിച്ചു വികൃതി–
ക്കുട്ടപ്പൻ മണിനാദം പോലേ,
ഞെട്ടിയുണർന്നേനപ്പോൾ ഞാനൊരു
കട്ടിയിരുട്ടിൻ പാതാളത്തിൽ. (കുന്നി)

അശ്രു പൊടിഞ്ഞൂ, കണ്ണു നിറഞ്ഞൂ,
അശ്രുവിൽ കൂരിരുളാകെയലിഞ്ഞൂ;
കയ്യിലിരിക്കും പീലിക്കഷ്ണം
കാണായപ്പോൾ,ക്കാണായീ. (കുന്നി)

24

*അതുപോലെ ശ്രീകൃഷ്ണചേതനയിലേക്ക് ഇടയ്ക്കിടെ തീർത്ഥയാത്ര പോകാറുള്ള നമ്മിലോരോരുത്തന്റെയും ഗാനമാണിത്.*

മേഘശ്യാമളവർണ്ണാ, പാലയ,
മോഘമകറ്റും കണ്ണാ,
ശോകസമുദ്രച്ചുഴിയിൽത്താഴും
ലോകം നിന്നെ വിളിപ്പൂ. (മേഘ)

ജനിമരണക്രമചക്രം പേറി
കുനിവൂ തോളുകൾ പൂഴിയിലോളം;
അഹമെന്നുള്ളൊരു ബോധംപോലും
അവസിതമെന്നിഹ തോന്നീടുന്നു. (മേഘ)

വരുമോ നീയൊരു നിമിഷത്തേയ്ക്കീ
കരുമന കാണാൻ, കണ്ണീർതൂകാൻ?
തരുമോ ത്വന്മുഖദർശനഭാഗ്യം,
തരുമോ സൗഖ്യം, തരുമോ മോക്ഷം? (മേഘ)

25

*ദൈനംദിനജീവിതത്തിന്റെ ജ്വാലാമാലയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ആത്മാക്കൾ വീണ്ടും വീണ്ടും വിളിച്ചുചോദിക്കാറുണ്ട്.*

എന്നു ഞാൻ കാണും നിൻ ദിവ്യരൂപം കണ്ണാ,
എന്നു ഞാൻ കേൾക്കും നിൻ രമ്യനാദം കണ്ണാ,
എന്നും ഞാൻ പൂണും നിൻ പുണ്യബിംബം കണ്ണാ
എന്നു ഞാൻ വിലയിക്കും നിന്നിലുണ്ണിക്കണ്ണാ! (എന്നു)

വേവുന്നു നോവുന്നു കേഴുന്നു മാനസം,
ജീവന്റെ കണ്ണുകളിരുണ്ടിടുന്നു കണ്ണാ,
ഞാനെന്നും നീയെന്നും വാദിച്ചു വാദിച്ചു
ഞാനിതാ മുച്ചൂടും തളർന്നുപോയീ കണ്ണാ! (എന്നു)

നിന്നുടെ മന്ദഹാസാമൃതം തന്നെയീ
പുണ്ണിനുള്ളൗഷധമെന്നറിവേൻ കണ്ണാ,
നിന്നുടെ കാരുണ്യശീകരമെന്നിയേ
ഒന്നുമില്ലൊന്നുമില്ലഭയകേന്ദ്രം കണ്ണാ! (എന്നു)

26

*നാം ശ്രീകൃഷ്ണനോടപേക്ഷിക്കാറുമുണ്ട്*

നീലവർണ്ണാ, ചെന്താമരക്കണ്ണാ,
നീലവർണ്ണാ,
മോഹമകറ്റുക നീ
മോഹനരൂപനേ! (നീല)

ഗോവർദ്ധനോദ്ധാരിൻ,
ഗോപീമനോഹാരിൻ,
ദേവകീസന്തോഷ–
ക്കണ്ണുനീരേ!
വന്നാലുമെന്നുൾക്കുരുന്നിൽ
വാണരുളാനുണ്ണി! (നീല)

പാവകജ്വാലപോൽ
പാപങ്ങൾ ചൂഴവേ
വേവുന്നു മാനസം
പൂവുപോലെ.
കണ്ണാ, നിൻകാരുണ്യത്താൽ
കൈവരണം മോക്ഷം. (നീല)